(സി) തിരുവനന്തപുരം സെൻട്രൽ ജയിലിന്റെ 100-ാം വാർഷികം 1973-ാം വർഷത്തിൽ കഴിഞ്ഞു എന്നും ആയതിനാൽ 1986-ൽ വീണ്ടും വാർഷികം ആഘോഷിക്കാനോ അതിന്റെ പേരിൽ ശിക്ഷ ഇളവു നൽകാനോ സാധിക്കുകയില്ലായെന്ന വിവരം ജയിൽ ഐ. ജി. തടവുകരെ അറിയിച്ചിട്ടുണ്ട്.

സുകുമാരക്കുറുപ്പിനെ പിടികൂടുന്നതിന് ചെലവായ തുക

406. [516] ശ്രീ. കെ. മൂസ്സക്കുട്ടി :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ചാക്കോ വധക്കേസിലെ പ്രധാന പ്രതിയായ സുകുമാരക്കുറുപ്പിനെ പിടികൂടുന്നതിന് ഇതിനകം സർക്കാർ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

28,521 രൂപ 40 പൈസ. (ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്നു രൂപാ നാൽപതു പൈസ.)

അന്വേഷണ കമ്മീഷനുകൾ

407. [517] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് വെടിവയ്പ്പിനെക്കുറിച്ചും ലാത്തിച്ചാർജ്ജിനെക്കുറിച്ചും അന്വേഷണം നടത്താൻ എത്ര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട് ;

(ബി) എത്ര അന്വേഷണക്കമ്മീഷൻ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചു ;

(സി) അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം

(എ) എട്ട്.
(ബി) നാല്.

(സി) ഗവൺമെന്റിന് ലഭിച്ച നാല് റിപ്പോർട്ടുകളും അംഗീകരിച്ചു കമ്മീഷനുകളുടെ പ്രസക്തമായ ശുപാർശകൾ നടപ്പാക്കാൻ പോലീസ് ഡയറക്ടർ ജനറലിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട്

408. [518] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകളിൽ നിന്നും ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം വിഭാഗങ്ങളുടെ പ്രശ്നങ്ങളാണ് പരിഹരിച്ചത്.

ഉത്തരം

(എ) നിവേദനം സമർപ്പിച്ചിട്ടുള്ള സംഘടനകളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപാകതകൾ എന്ന നിലയിൽ മുഖ്യമായും പുതുക്കിയ ശമ്പളസ്കെയിലുകൾ, പ്രമോഷൻ ആനുകൂല്യങ്ങൾ എന്നിവയുടെ അപര്യാപ്തതയെക്കുറിച്ചാണ് സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുള്ളത്. ശമ്പളക്കമ്മീഷനെപ്പോലെയുള്ള ഒരു ഉന്നതാധികാരക്കമ്മീഷൻ വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച ശുപാർശകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല. എന്നിരുന്നാലും തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ ശുപാർശകൾ നൽകാൻ ഇടവന്നിട്ടുള്ളതെങ്കിൽ അത്തരം കേസുകൾ പരിശോധിച്ചു ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചില സർവീസ് സംഘടനകൾ സമർപ്പിച്ച നിവേദനത്തിൻെറ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ ഉത്തരവിൽ വിട്ടുപോയ ചില തസ്തികകൾ ഉൾപ്പെടുത്തുകയും, വിശദീകരണ രൂപത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരുടെ സീനിയർ ഗ്രേഡിനും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരുടെ വിഭാഗത്തിൽനിന്നും പ്രമോഷൻ ലഭിക്കുന്ന പെഴ്സണൽ അസിസ്റ്റൻറ്, മാർക്കും ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ഡയറക്ടർ ടോയിൻറ് ഡയറക്ടർ എന്നീ തസ്തികകൾക്കും ശമ്പളക്കമ്മീഷൻ നിർദ്ദേശിച്ചിരുന്നതിനെക്കാൾ ഉയർന്ന ശമ്പള സ്കെയിൽ നൽകി. കോടതിസ്റ്റാഫുകളുടെ കാര്യത്തിൽ സീനിയർ ഗ്രേഡിലേക്ക് പ്രമോഷൻ നൽകുന്നതിന് അനുപാതം നിശ്ചയിച്ചു.

കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം മന്ത്രിമാർ വാങ്ങിയ ടി. എ. യും വിമാനയാത്രക്കൂലിയും

403. [519] ശ്രീ. എസ്. ആർ. തങ്കരാജ് :

,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞനിയമസഭാ സമ്മേളനത്തിനുശേഷം 1986 ഒക്ടോബർ മാസം 10-ാം തീയതി വരെ ഓരോ മന്ത്രിയും, ടി. എ., ഡി. എ. ഇനത്തിൽ വാങ്ങിയ തുക എത്രവീതമാണ് ;

(ബി) അതിൽ ഓരോരുത്തരും വിമാനയാത്രാക്കൂലി ഇനത്തിൽ ചെലവാക്കിയത് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും ചോദ്യങ്ങൾക്കുള്ള ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം മന്ത്രിമാർ നടത്തിയ ഡൽഹി യാത്ര

410. [520] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാന മന്ത്രിമാർ എത്ര തവണ ഡൽഹിയാത്ര നടത്തിയിട്ടുണ്ട് ;

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly